Kerala Gazette No. 51 dated 17th December 1957.
PART I

1957-ലെ 47-ാം നമ്പർ എൽ. എ. ബിൽ.

പരസ്യം.

നമ്പർ എൽ. എ. 4. 1654/57. 1957 ഡിസംബർ 12.

അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം, താഴെപ്പറയുന്ന ബിൽ, ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി, സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ്, വി. കൃഷ്ണമൂർത്തി,
തിരുവനന്തപുരം. സെക്രട്ടറി, ലെജിസ്ലേറ്റീവ് അസംബ്ലി.

1957-ലെ സാമാന്യ വില്പനനികുതി (ഭേദഗതി) ബിൽ.

1123-ലെ സാമാന്യ വില്പനനികുതി ആക്ട്
ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക.—1125-ലെ സാമാന്യവില്പനനികുതി ആക്ട്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യേണ്ടതാവശ്യമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എട്ടാംസംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും, ആരംഭവും.—(1) ഈ ആക്ടിന് 1957-ലെ സാമാന്യ വില്പനനികുതി (ഭേദഗതി) ആക്ട് എന്നു പേർ പറയാം.

(2) ഇത് 1957 ഡിസംബർ 14-ാം തീയതിയിലും, ആ തീയതി മുതലും നടപ്പിൽ വന്നതായി കരുതപ്പെടേണ്ടതാകുന്നു.

2. 1125-ലെ 11-ാം ആക്ട് 3-ാം വകുപ്പിന്റെ ഭേദഗതി.—1125-ലെ സാമാന്യവില്പനനികുതി ആക്ട് (1125-ലെ 11-ാം ആക്ട്) ഇതിനുശേഷം ഇതിനെപ്പററി പ്രധാന ആക്ട് എന്നാണ് പറയുക—3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, (i) (i)-ാം ഇനത്തിനുപകരം, താഴെപ്പറയുന്ന ഇനം ചേർക്കണം, അതായത്:—

(i) "കൈത്തറിയിന്മേൽ നെയ്തതല്ലാതെ ശുദ്ധമായ പട്ടുതുണി.— എട്ടു നയാ പൈസ",

(ii) (ii)-ാം ഇനവും, അതോടു ചേർന്ന 1-ഉം 2-ഉം വിശദീകരണങ്ങളും വിട്ടുകളയേണ്ടതാകുന്നു.

3. 1125-ലെ 11-ാം ആക്ട്, 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ട് 5-ാം വകുപ്പ്, (i)-ാം ഖണ്ഡത്തിൽ, "യന്ത്രത്തറികളിലുള്ള തുണികൾ ഒഴികെ വ്യാപാരം ചെയ്യുന്ന ആളുകൾ വില്ക്കുന്നതായ" എന്ന വാക്കുകൾ വിട്ടുകളയുകയും "കൈത്തറികളിന്മേൽ നെയ്തതുമായ" എന്ന വാക്കുകൾക്കു പകരം "കൈത്തറികളിന്മേൽ നെയ്തതായ" എന്ന വാക്കുകൾ ചേർക്കുകയും വേണം.

4. 1125-ലെ 11-ാം ആക്ടിൽ 5 എ. എന്ന പുതുവകുപ്പ് ചേർക്കൽ.—പ്രധാന ആക്ട്, 5-ാം വകുപ്പിനുശേഷം, താഴെ പറയുന്ന പുതുവകുപ്പ് ചേർക്കണം, അതായത്:—

"5 എ. (ശുദ്ധമായ പട്ടല്ലാത്ത) മില്ലിൽ ഉണ്ടാക്കിയ തുണികളുടെയും, പുകയിലയുടെയും, പഞ്ചസാരയുടെയും വില്പനയിന്മേലുള്ള നികുതി ഒഴിവാക്കൽ.—

(1) 1957 ഡിസംബർ 14-ാം തീയതിക്കടുത്ത് ഗവൺമെന്റിന്റെ കൈവശത്തിലോ, സൂക്ഷിപ്പിലോ, നിയന്ത്രണത്തിലോ ഉള്ള

(i) ശുദ്ധമായ പട്ടല്ലാത്ത, മില്ലിൽ ഉണ്ടാക്കിയ തുണികളുടെയും;
(ii) പുകയിലയുടെയും;
(iii) പഞ്ചസാരയുടെയും;

	tion for Recruitment) Committee	India	1957
32.	Report of the Official Language Commission	India	1956
33.	Closer Alliance of Literature and Art with the life of the people	Khrushchov (N. S.)	1957
34.	The October Socialist Revolution and the People of the East	Kheifets (A. N.)	1957
35.	The Second Kerala Police Sports, 1957, Official Souvenir	Kerala	1957
36.	An Ideal Parliamentary Official	Shakder (S. L.)	1955
37.	Kerala Legislature "Question Hour"	Kerala	1957
38.	The Standard of Living in the Soviet Union.	Postovsky (Mark)	1957

By order,
(Sd.)
For *Asst. Secretary.*

Kerala Gazette No. 51 dated 17th December 1957.
PART I

1957-ലെ 47-ാം നമ്പർ എൽ. എ. ബിൽ.

പരസ്യം.

നമ്പർ എൽ. എ. 4-1654/57. 1957 ഡിസംബർ 12.

അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം, താഴെപ്പറയുന്ന ബിൽ, ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി, സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ്, വി. കൃഷ്ണമൂർത്തി,
തിരുവനന്തപുരം. സെക്രട്ടറി, ലെജിസ്ലേറ്റീവ് അസംബ്ലി.

1957-ലെ സാമാന്യ വില്പനനികുതി (ഭേദഗതി) ബിൽ.

1123-ലെ സാമാന്യ വില്പനനികുതി ആക്റ്റ്
ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക.—1125-ലെ സാമാന്യവില്പനനികുതി ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യേണ്ടതാവശ്യമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എട്ടാംസംവത്സരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും, ആരംഭവും.—(1) ഈ ആക്റ്റിന് 1957-ലെ സാമാന്യ വില്പനനികുതി (ഭേദഗതി) ആക്റ്റ് എന്ന പേർ പറയാം.

(2) ഇത് 1957 ഡിസംബർ 14-ാംതീയതിയും, ആ തീയതി മുതല്ക്കും നടപ്പിൽ വന്നതായി കരുതേണ്ടതാകുന്നു.

2. 1125-ലെ 11-ാം ആക്റ്റ് 3-ാം വകുപ്പിന്റെ ഭേദഗതി.—1125-ലെ സാമാന്യവില്പനനികുതി ആക്റ്റ് (1125-ലെ 11-ാം ആക്റ്റ്) ഇതിനുശേഷം ഇതിനെപ്പറ്റി പ്രധാന ആക്റ്റ് എന്നാണു പറയുക—3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, (i) (i)-ാം ഇനത്തിനുപകരം, താഴെപ്പറയുന്ന ഇനം ചേർക്കണം, അതായത്:—

(i) "കൈത്തറിയിന്മേൽ നെയ്തതല്ലാത്ത ശുദ്ധമായ പട്ടുതുണി.—എട്ടു നയാ പൈസ".

(ii) (ii)-ാം ഇനവും, അതോടു ചേർന്ന 1-ം 2-ം വിശദീകരണങ്ങളും വിട്ടുകളയേണ്ടതാകുന്നു.

3. 1125-ലെ 11-ാം ആക്റ്റ്, 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ് 5-ാം വകുപ്പ്, (i)-ാം ഖണ്ഡത്തിൽ, "അങ്ങിനെയുള്ള തുണികൊണ്ടു മാത്രം വ്യാപാരം ചെയ്യുന്ന ആളുകൾ വില്ക്കുന്നതുമായ" എന്ന വാക്കുകൾ വിട്ടുകളയുകയും "കൈത്തറികളിന്മേൽ നെയ്തതുമായ" എന്ന വാക്കുകൾക്കു പകരം "കൈത്തറികളിന്മേൽ നെയ്തതായ" എന്ന വാക്കുകൾ ചേർക്കുകയും വേണം.

4. 1125-ലെ 11-ാം ആക്റ്റിൽ 5 എ. എന്ന പുതുവകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റ്, 5-ാം വകുപ്പിനുശേഷം, താഴെ പറയുന്ന പുതുവകുപ്പ് ചേർക്കണം, അതായത്:—

"5 എ. (ശുദ്ധമായ പട്ടല്ലാത്ത) മില്ലിൽ ഉണ്ടാക്കിയ തുണികളുടെയും, പുകയിലയുടെയും, പഞ്ചസാരയുടെയും വില്പനയിന്മേലുള്ള നികുതി ഒഴിവാക്കൽ.—

(1) 1957 ഡിസംബർ 14-ാംതീയതിക്കടുത്തു മുമ്പായി തന്റെ കൈവശത്തിലോ, സൂക്ഷിപ്പിലോ, നിയന്ത്രണത്തിലോ ഉള്ള

(i) ശുദ്ധമായ പട്ടല്ലാത്ത, മില്ലിൽ ഉണ്ടാക്കിയ തുണികളുടെയും;

(ii) പുകയിലയുടെയും;

(iii) പഞ്ചസാരയുടെയും;

സ്റ്റോക്ക് അല്ലാതെയുള്ള അത്തരം ചരക്കുകൾ ഏതെങ്കിലും വ്യാപാരി വില്ക്കുമ്പോൾ, ആ വില്പന ആ തീയതിമുതല്ക്കു (3)-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവായിരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പ്രസ്താവിക്കപ്പെട്ട ഏതെങ്കിലും തരത്തിലുള്ള ചരക്കുകൾകൊണ്ട് വ്യാപാരം ചെയ്യുന്ന ഏതൊരു വ്യാപാരിയോടും 1957 ഡിസംബർ 14-ാം തീയതിക്കടുത്തു മുമ്പ് അയാളുടെ കൈവശത്തിലോ, നിയന്ത്രണത്തിലോ, സൂക്ഷിപ്പിലോ ഉള്ള അങ്ങനെയുള്ള ചരക്കുകളുടെ സ്റ്റാക്കിന്റെ തുകയും, അങ്ങനെയുള്ള ചരക്കുകളുടെ വിലകളും നിർണ്ണയിക്കപ്പെടാവുന്ന മററു വിവരങ്ങളും കാണിച്ചുകൊണ്ട് സ്റ്റേററുമെന്റുകൾ സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നതിനു നികുതി കെട്ടുന്ന അധികാരസ്ഥനു് അധികാരമുണ്ടായിരിക്കുന്നതാണ്.

(3) 1957 ഡിസംബർ 14-ാം തീയതിക്കടുത്തുമുമ്പായി (1)-ാം ഉപവകുപ്പിൽ പ്രസ്താവിക്കപ്പെട്ട ചരക്കുകളുടെ വല്ല സ്റ്റോക്കും കൈവശമുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഏതൊരു വ്യാപാരിയും ഈ ആക്ററ് പ്രകാരം ലൈസൻസു നൽകപ്പെട്ട ഏതൊരാളും അങ്ങനെയുള്ള ചരക്കുകളുടെ വിവരങ്ങളും, മേൽപ്പറഞ്ഞ തീയതിക്കോ, തീയതിക്കുശേഷമോ വിൽക്കുന്ന തുകയും, അതിന്റെ വിലയും കാണിക്കുന്ന യഥാർത്ഥവും കൃത്യവുമായ കണക്കുകൾ നിർണ്ണയിക്കപ്പെട്ട വിധത്തിൽവെച്ചു പോരേണ്ടതാകുന്നു.

(4) ഗവണ്മെന്റ് ഈ ആവശ്യാർത്ഥം ഉണ്ടാക്കാവുന്ന വല്ല ചട്ടങ്ങളുമുണ്ടെങ്കിൽ അവയ്ക്കു വിധേയമായി, ഗവണ്മെന്റിനോ, ഗവണ്മെന്റ് അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ, 1957 ഡിസംബർ 14-ാംനു ക്കടുത്തുമുമ്പ് ഏതെങ്കിലും വ്യാപാരിയുടെ കൈവശത്തിലോ, നിയന്ത്രണത്തിലോ, സൂക്ഷിപ്പിലോ ഉള്ളതും, (1)-ാം ഉപവകുപ്പിൽ പ്രസ്താവിക്കപ്പെട്ടതുമായ ചരക്കുകളുടെ വില്പനയിന്മേൽ കൊടുക്കേണ്ടിയിരുന്ന നികുതി കൂട്ടിച്ചേർത്തു കൊടുക്കുന്നതിനു തമ്മിൽ പറഞ്ഞുതീർക്കാവുന്നതാണ്. ഈ ഉപവകുപ്പുപ്രകാരം ഏതെങ്കിലും വ്യാപാരിയിൽനിന്നു സ്വീകരിക്കേണ്ടതായ കൂട്ടിച്ചേർത്തുള്ള സംഖ്യ നിശ്ചയിക്കുമ്പോൾ, 1957-ലെ കേരള നികുതി സർച്ചാർജ്ജ് ആക്ററ്, 3-ാം വകുപ്പുപ്രകാരം അങ്ങിനെയുള്ള ചരക്കുകളുടെ വില്പനയിന്മേൽ കൊടുക്കേണ്ടതായ നികുതിയിന്മേൽ സർച്ചാർജ്ജായി കൊടുക്കേണ്ടതായ വല്ല സംഖ്യയും ഉണ്ടെങ്കിൽ അതും കണക്കിലെടുക്കേണ്ടതാകുന്നു.”

5. 1125-ലെ 11-ാം ആക്ററ്, 19-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ററ്, 19-ാം വകുപ്പിൽ (എ) എന്ന ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കണം, അതായത്,

“(എ എ) 5 എ എന്ന വകുപ്പ് (2)-ാം ഉപവകുപ്പിനാൽ ആവശ്യപ്പെട്ടപ്രകാരം, അവാസ്തവമായ ഒരു സ്റ്റേററുമെന്റ് മനഃപൂർവ്വം സമർപ്പിക്കുകയോ ഒരു സ്റ്റേററുമെന്റ് സമർപ്പിക്കുവാൻ വീഴ്ചവരുത്തുകയോ ചെയ്യുകയോ; അല്ലെങ്കിൽ”

6. 1125-ലെ 11-ാം ആക്ററ്, 1-ാം പട്ടികയുടെ ഭേദഗതി.—പ്രധാന ആക്ററോടു ചേർത്ത 1-ാം പട്ടികയിൽ, 2, 5, 13 എന്നീ ഇനങ്ങൾ വിട്ടുകളയണം.

7. റദ്ദാക്കൽ.—1957-ലെ സാമാന്യ വില്പന നികുതി (ഭേദഗതി) ആർഡിനൻസ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ഉദ്ദേശ കാരണങ്ങളുടെ വിവരണം.

1957-ലെ സാമാന്യ വില്പനനികുതി (ഭേദഗതി) ആർഡിനൻസുമൂലം, (ശുദ്ധമായ പട്ടല്ലാത്ത) മില്ലിൽ ഉണ്ടാക്കിയ തുണികളും, പഞ്ചസാരയും, പുകയിലയും കേന്ദ്രഗവണ്മെന്റ് ഈ സാധനങ്ങളിന്മേൽ കൂടുതൽ എക്സൈസ് നികുതി ചുമത്തുന്നതുകൊണ്ട്, 1125-ലെ സാമാന്യ വില്പനനികുതി ആക്ററ് പ്രകാരം വില്പനനികുതി ചുമത്തപ്പെടുന്നതിൽനിന്നു 1957 ഡിസംബർ 14-ാംനു മുതൽക്കു ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഈ ആർഡിനൻസിനു പകരം കൊണ്ടുവരുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് ഈ ബിൽ.

(A true translation)

C. H. KUNHI RAMAN,

13-12-57. For *Head translator to Government*

Kerala Gazette No. 51 dated 17th December 1957.
PART II.

1957-ലെ 46-ാംനമ്പർ എൽ. എ. ബിൽ.

പരസ്യം.

നമ്പർ എൽ. എ. 4-1637/57. തിരുവനന്തപുരം, 1957 ഡിസംബർ 10.

അസംബ്ലിയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം താഴെ പറയുന്ന ബിൽ അതോടു ചേർക്കപ്പെട്ട ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ടത്തോടുംകൂടി സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലെജിസ്ലേച്ചർ സെക്രട്ടേറിയററ്, വി. കൃഷ്ണമൂർത്തി,
തിരുവനന്തപുരം. സെക്രട്ടറി, ലെജിസ്ലേററീവ് അസംബ്ലി.

1957-ലെ കേരള പണമിടപാടുകാർ ബിൽ.

കേരള സംസ്ഥാനത്തിൽ പണമിടപാടുകാരുടെ വ്യാപാരം ക്രമപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനു വ്യവസ്ഥ ചെയ്യാനും, അതു സംബന്ധിച്ചുള്ള നിയമങ്ങളെ ഏകീകരിക്കുവാനുമുള്ള ഒരു ബിൽ.

പീഠിക.—കേരള സംസ്ഥാനത്തിൽ പണമിടപാടുകാരുടെ വ്യാപാരം ക്രമപ്പെടുത്തുകയും, നിയന്ത്രിക്കുകയും ചെയ്യുന്നതിനു വ്യവസ്ഥ ചെയ്യേണ്ടതും, അതു സംബന്ധിച്ചുള്ള നിയമങ്ങളെ ഏകീകരിക്കേണ്ടതും യുക്തമായിരിക്കയാൽ,

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.—(1) ഈ ആക്ടിന് 1957-ലെ കേരള പണമിടപാടുകാർ ആക്ട് എന്നു പേർ പറയാം.

(2) ഇതിനു കേരള സംസ്ഥാനമൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇതു ഗവണ്മെന്റ് നിശ്ചയിക്കാവുന്ന തീയതിക്കും പ്രദേശത്തും നടപ്പിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ, സന്ദർഭത്തിനു മററു വിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

(1) "ബാങ്ക്" എന്നതിനു 1949-ലെ ബാങ്കിംഗ് കമ്പനി ആക്ടിലെ (1949-ലെ 10-ാം സെൻട്രൽ ആക്ട്) 5-ാം വകുപ്പ് (സി) എന്ന ഖണ്ഡത്തിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ഒരു ബാങ്കിംഗ് കമ്പനി എന്നർത്ഥമാകുന്നു.

(2) "പരസ്പരസഹായസംഘം" എന്നതിനു 1932-ലെ മദിരാശി പരസ്പരസഹായസംഘ ആക്ടോ (1932-ലെ 6-ാം മദിരാശി ആക്ട്) 1952-ലെ തിരുവിതാംകൂർ-കൊച്ചി പരസ്പര സഹായസംഘ ആക്ടോ, (1952-ലെ 10-ാം ആക്ട്) പ്രകാരം രജിസ്റ്റർ ചെയ്തതോ, രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സംഘം എന്നർത്ഥമാകുന്നു.

(3) "പലിശ" എന്നതിൽ പലിശയായോ മററു വിധത്തിലോ ചുമത്തപ്പെടുന്നതോ പ്രത്യേകമായി വസൂലാക്കുവാൻ ഉദ്ദേശിക്കുന്നതോ ആയാലും ശരി, യഥാർത്ഥത്തിൽ കടം കൊടുത്തതിൽ കവിഞ്ഞു തിരിച്ചുകൊടുക്കേണ്ട ആദായം ഉൾപ്പെടുന്നതും, എന്നാൽ ഈ ആക്ടിലെയോ, തല്ക്കാലം നടപ്പിലുള്ള മറെറതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകളനുസരിച്ച്, കോടതിച്ചെലവുകൾ, ചാർജ്ജുകൾ അഥവാ ചെലവുകൾ എന്നിവയല്ലാ, എന്നിവ നിമിത്തമോ ഒരു ഇടപാടുകാരൻ ചുമത്തുന്ന യാതൊരു സംഖ്യയും ഉൾപ്പെടാത്തതുമാകുന്നു.

(4) "ലൈസൻസ്" എന്നതിനു ഈ ആക്ട് പ്രകാരം നൽകപ്പെടുന്ന ഒരു പണമിടപാടുകാരന്റെ ലൈസൻസ് എന്നർത്ഥമാകുന്നു.

(5) ''കടംവായ്പ'' എന്നതിനു പണമായോ, സാധനമായോ പലിശയിന്മേൽ കൊടുക്കുന്ന ഒരു മുൻകൂർ എന്നർത്ഥമാകുന്നതും, യഥാർത്ഥത്തിൽ അങ്ങനെയുള്ള മുൻകൂറിനു സമമാണെന്നു കോടതിക്കു തോന്നുന്ന ഏതെങ്കിലും ഇടപാടു അതിൽ ഉൾപ്പെടുന്നതും, എന്നാൽ താഴെ പറയുന്നവ ഉൾപ്പെടാത്തതുമാകുന്നു,—

(i) ഒരു ഗവൺമെൻറ് പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്കിലോ, ഒരു ബാങ്കിലോ, 1956-ലെ കമ്പനി ആക്റ്റിൽ (1956-ലെ 1-ാം സെൻട്രൽ ആക്റ്റ്) നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ഒരു കമ്പനിയിലോ, ഒരു പരസ്പര സഹായസംഘത്തിലോ ഡിപ്പോസിററു ചെയ്യുന്ന പണമോ, മററു സ്വത്തോ;

(ii) ഒരു ബാങ്കോ, പരസ്പരസഹായസംഘമോ കൊടുക്കുന്ന മുൻകൂറോ അഥവാ 1925-ലെ പ്രോവിഡൻറ് ഫണ്ട് ആക്റ്റ് (1925-ലെ 19-ാം സെൻട്രൽ ആക്റ്റ്) സംബന്ധിക്കുന്ന ഒരു പ്രോവിഡൻറ് ഫണ്ടിൽ നിന്നു കൊടുക്കുന്ന മുൻകൂറോ;

(iii) ഗവൺമെൻറോ, തങ്ങളുടെ ആവശ്യാർത്ഥം മുൻകൂറുകൾ കൊടുക്കുവാൻ ഗവൺമെൻറ് അധികാരപ്പെടുത്തിയ ഏതെങ്കിലും ആളോ, ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ കൊടുക്കുന്ന ഒരു മുൻകൂർ;

(iv) ഗസററിൽ പരസ്യംമൂലം ഗവൺമെൻറ് നിശ്ചയിക്കാവുന്ന ഏതെങ്കിലും അധികാരസ്ഥൻ കൊടുക്കുന്ന ഒരു മുൻകൂർ;

(v) ഏതെങ്കിലും വ്യാപാരം ഉത്തമവിശ്വാസ്യമായി ചെയ്യുന്ന ഏതെങ്കിലും ആൾ, അങ്ങനെയുള്ള കടംവായ്പ അങ്ങനെയുള്ള വ്യാപാരത്തിൻെറ സാധാരണ ഗതിയിൽ പണം കടം കൊടുക്കുന്നതു പ്രഥമലക്ഷ്യമായല്ലാതെ മുൻകൂറായി കൊടുക്കുമ്പോൾ, അങ്ങനെ കൊടുക്കുന്ന ഒരു മുൻകൂർ;

(vi) ഒരു വാഗ്ദത്തപത്രമല്ലാതെ 1881-ലെ കൈമാററപത്ര ആക്റ്റിൽ (1881-ലെ 26-ാം സെൻട്രൽ ആക്റ്റ്) നിർവ്വചിക്കപ്പെട്ടപ്രകാരമുള്ള കൈമാററം ചെയ്യാവുന്ന ഒരു പത്രത്തിൻെറ അടിസ്ഥാനത്തിൽ കൊടുക്കുന്ന ഒരു മുൻകൂർ;

(vii) ഇൻഡ്യയിൽ നടപ്പിലുള്ള ഏതെങ്കിലും നിയമപ്രകാരം രജിസ്റ്റർ ചെയ്ത ഏതെങ്കിലും നിധിയോ സ്ഥിരം ഫണ്ടോ അതിൻെറ അംഗങ്ങൾക്ക് കൊടുക്കുന്ന ഒരു മുൻകൂർ;

(6) ഒരാൾ—

(എ) മറെറാരാളെ തടസ്സപ്പെടുത്തുകയോ, അയാളുടെമേൽ ബലം പ്രയോഗിക്കുകയോ, അയാളെ ഭീഷണിപ്പെടുത്തുകയോ, അല്ലെങ്കിൽ,

(ബി) അങ്ങനെയുള്ള മറെറാരാളെ സ്ഥലംതോറും വിടാതെ പിൻതുടരുകയോ, അല്ലെങ്കിൽ അയാളുടെ വകയായുള്ളതോ അയാൾ ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും സ്വത്തിൻെറകാര്യത്തിൽ ഇടപെടുകയോ അങ്ങനെയുള്ള ഏതെങ്കിലും സ്വത്ത് അയാൾക്കില്ലാതെയാക്കിത്തീർക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള സ്വത്ത് ഉപയോഗിക്കുന്നതിൽ അയാളെ തടുക്കുകയോ, അല്ലെങ്കിൽ

(സി) അങ്ങനെയുള്ള മറെറാരാൾ താമസിക്കുകയോ, പ്രവൃത്തി ചെയ്കയോ, വ്യാപാരം നടത്തുകയോ, ഉണ്ടായിരിക്കുകയോ ചെയ്യുന്ന ഒരു വീട്ടിലോ മററു സ്ഥലത്തോ അല്ലെങ്കിൽ അതിന്നരികെയോ അലഞ്ഞുനടക്കുകയോ, അല്ലെങ്കിൽ

(ഡി) അങ്ങനെയുള്ള മറെറാരാളുടെ കുടുംബാംഗങ്ങളെ ചോദ്യം ചെയ്കയോ അല്ലെങ്കിൽ അവരെ ശല്യപ്പെടുത്തുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യത്തക്കവിധം വല്ല പ്രവൃത്തിയും ചെയ്കയോ, അല്ലെങ്കിൽ

(ഇ) അങ്ങനെയുള്ള മറെറാരാളുടെ ദേഹത്തിന്നോ, സ്വത്തിന്നോ ഭീതിയോ ആപത്തോ ഉണ്ടാക്കുന്നതോ, ഉണ്ടാക്കുമെന്നു കരുതുന്നതോ ആയ വിധത്തിൽ നടക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യുന്നതായാൽ അങ്ങനെയുള്ള ആൾ അങ്ങനെയുള്ള മറെറാരാളെ ''ഉപദ്രവിക്കുന്നതായി'' കരുതപ്പെടുന്നതാകുന്നു.

(7) ''പണമിടപാടുകാരൻ'' എന്നതിനു കടം വായ്പകൾ മുൻകൂറായി കൊടുക്കുകയും, വസൂലാക്കുകയും ചെയ്യുന്ന തൊഴിൽ ഏതൊരാളുടെ പ്രധാ

നതോ മുഖ്യമല്ലാത്തതോ ആയ പ്രവൃത്തിയാകുന്നുവോ അങ്ങനെയുള്ള ഒരാൾ എന്നർത്ഥമാകുന്നതും, എന്നാൽ താഴെ പറയുന്നവർ അതിൽ ഉൾപ്പെടാത്തതുമാകുന്നു,—

(എ) ഒരു ബാങ്കോ പരസ്പരസഹായസംഘമോ;

(ബി) ഒരു കർഷകൻ, അതായത്, തനിക്കു കൈവശാവകാശമുള്ള ഭൂമി കൃഷിചെയ്യുന്നതിൽ ക്രമമായി ഏർപ്പെട്ടിരിക്കുകയും 1922-ലെ ഇൻഡ്യൻ ആദായനികുതി ആക്റ്റ് (1922-ലെ 11-ാം സെൻട്രൽ ആക്റ്റ്) പ്രകാരം ആദായനികുതി ചുമത്തപ്പെടാതിരിക്കുകയും ചെയ്യുന്ന ഒരാൾ;

വിശദീകരണം 1.—ഏതുഭൂമി കൈവശം വയ്ക്കുവാൻ തങ്ങൾക്കവകാശമുണ്ടോ, അല്ലെങ്കിൽ ഏതു ഭൂമിയുടെ വിളവിൽനിന്നു സംരക്ഷണത്തിനു തങ്ങൾക്കവകാശമുണ്ടോ ആ ഭൂമി കുറെ ആളുകൾ കൂട്ടായി കൃഷിചെയ്യുന്ന പക്ഷം, അങ്ങനെയുള്ള ഓരോ ആളും അങ്ങനെയുള്ള ഭൂമി കൃഷിചെയ്യുന്നതായി കരുതേണ്ടതാകുന്നു.

വിശദീകരണം 2.—കൂലിവേലക്കാരെക്കൊണ്ട് ഒന്നുകിൽ മുഴുവനായോ അല്ലെങ്കിൽ ഭാഗികമായോ ഒരാൾ കൃഷി ചെയ്യിക്കുന്ന ഭൂമി, അങ്ങനെയുള്ള ആൾ കൃഷി ചെയ്യുന്നതായി കരുതേണ്ടതാകുന്നു. എന്നാൽ അങ്ങനെയുള്ള കൂലിവേലക്കാർ അങ്ങനെയുള്ള ആളുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമായിരിക്കേണ്ടതാകുന്നു;

(സി) പഠിപ്പുള്ള തൊഴിലിലെ ഏതെങ്കിലും അംഗം, അതായത്, തൊഴിലിൽ പ്രവേശനം നൽകുന്നതിനു പ്രത്യേക യോഗ്യതകൾ നിർണ്ണയിക്കുന്നതും തൊഴിലിൽ പ്രവേശനം നൽകുകയും അതിലെ അംഗങ്ങളുടെമേൽ അച്ചടക്കനിയന്ത്രണം നടത്തുകയും തൊഴിലിൽനിന്നു തക്കതായ കാരണത്താൽ അങ്ങനെയുള്ള വല്ല അംഗത്തേയും തൊഴിൽ സംബന്ധിച്ച രജിസ്റ്ററിൽനിന്നു നീക്കം ചെയ്യുകയും ചെയ്യേണ്ടവിധം ക്രമപ്പെടുത്തുന്നതും ആയ ഏതെങ്കിലും പ്രത്യേക നിയമമനുസരിച്ചു വെച്ചുപോരുന്ന ഒരു രജിസ്റ്ററിൽ പേരുള്ള ഏതെങ്കിലും ആൾ;

(ഡി) ഏതെങ്കിലും സംസ്ഥാന ഗവണ്മെന്റിന്റെയോ, യൂണിയൻ ഗവണ്മെന്റിന്റെയോ, ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെയോ മുഴുവൻ സമയവും ജോലിചെയ്യുന്ന ജീവനക്കാർ

വിശദീകരണം.—കടം വായ്പകൾ കൊടുക്കുകയും വസൂലാക്കുകയും ചെയ്യുന്ന പ്രവൃത്തി കേരള സംസ്ഥാനത്തു ചെയ്യുന്ന ഒരാൾ കേരള സംസ്ഥാനത്തിനു പുറമെ താമസിക്കുന്നപക്ഷം, അങ്ങനെയുള്ള ആളുടെ കേരള സംസ്ഥാനത്തു താമസിക്കുന്ന ഏജന്റിനെ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, ആ വ്യാപാരത്തിന്റെ കാര്യത്തിൽ പണമിടപാടുകാരനായി കരുതേണ്ടതാകുന്നു;

(8) ഒരു കടം വായ്പയെ സംബന്ധിച്ച "മുതൽസംഖ്യ" എന്നതിനു അധമർണ്ണനു യഥാർത്ഥത്തിൽ കടം കൊടുക്കുന്ന സംഖ്യ എന്നർത്ഥമാകുന്നു.

(9) "വർഷം" എന്നതിനു സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

3. പണമിടപാടുകാരൻ വർഷംതോറും ലൈസൻസ് വാങ്ങേണ്ടതാണെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ ഏതെങ്കിലും പ്രദേശത്തു നടപ്പിൽകൊണ്ടുവരുന്ന തീയതിക്കുശേഷം, യാതൊരാളും, ഒരു ലൈസൻസു പ്രകാരവും അതിലെ നിശ്ചയങ്ങൾ അനുസരിച്ചുമല്ലാതെ അങ്ങനെയുള്ള പ്രദേശത്തെ യാതൊരു സ്ഥലത്തുവച്ചും ഒരു പണമിടപാടുകാരൻ എന്ന നിലയിൽ വ്യാപാരം നടത്തുകയോ, വ്യാപാരം നടത്തുന്നതു തുടരുകയോ ചെയ്യാൻ പാടുള്ളതല്ല;

വിശദീകരണം 1.—ഒരു പണമിടപാടുകാരനു് ഒന്നിലധികം ഷാപ്പോ വ്യാപാരസ്ഥലമോ ഒരേ പട്ടണത്തിലോ, ഗ്രാമത്തിലോ, അല്ലെങ്കിൽ വ്യത്യസ്ത പട്ടണങ്ങളിലോ ഗ്രാമങ്ങളിലോ ഉണ്ടാകുന്നപക്ഷം, അയാൾ ഓരോ ഷാപ്പിന്റെയോ, വ്യാപാരസ്ഥലത്തിന്റെയോ കാര്യത്തിൽ ഒരു പ്രത്യേക ലൈസൻസു വാങ്ങേണ്ടതാകുന്നു.

വിശദീകരണം 2.— (എ) ഒരു പണമിടപാടുകാരൻ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കമ്പനിയാകുന്നപക്ഷം, ലൈസൻസ് ആ കമ്പനിയുടെ പേരിൽ വാങ്ങേണ്ടതാകുന്നു.

(ബി) ഒരു പണമിടപാടുകാരൻ ഒരു അവിഭക്ത ഹിന്ദുകുടുംബമാകുന്നപക്ഷം, ലൈസൻസ് അതതു സംഗതിപോലെ ലൈസൻസിൽ വിവരിക്കപ്പെടുന്നപ്രകാരം മാനേജരുടെയോ, കാരണവന്റെയോ, യജമാനന്റെയോ പേരിൽ വാങ്ങേണ്ടതാകുന്നു.

(സി) ഒരു പണമിടപാടുകാരൻ 1956-ലെ ഇന്ത്യൻ കമ്പനി ആക്റ്റ് (1956-ലെ 1-ാം സെൻട്രൽ ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ലാത്ത വ്യക്തികളുടെ മറ്റുവല്ല സംഘടനയുമാകുന്നപക്ഷം അങ്ങനെയുള്ള ഓരോ വ്യക്തിയും തന്റെ പേരിൽ തന്നെ, ആ സംഘടനയിലെ ഒരംഗമാണെന്നു വിവരിച്ചുകൊണ്ട് ഒരു പ്രത്യേക ലൈസൻസ് വാങ്ങേണ്ടതാകുന്നു:

എന്നാൽ ഈ വിശദീകരണത്തിലടങ്ങിയ യാതൊന്നും 1932-ലെ ഇന്ത്യൻ കൂട്ടുകച്ചവട ആക്റ്റ് (1932-ലെ 9-ാം സെൻട്രൽ ആക്റ്റ്) 69-ാം വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതല്ല.

4. ലൈസൻസുകൾ നൽകുകയും, നൽകുവാൻ കൂട്ടാക്കാതിരിക്കുകയും ചെയ്യൽ.—(1) ഒരു പണമിടപാടുകാരന്റെ ലൈസൻസിനുള്ള ഏതൊരപേക്ഷയും എഴുത്തുമൂലമായിരിക്കേണ്ടതും, ഈ ആക്റ്റുപ്രകാരം നിർണ്ണയിക്കപ്പെട്ട ലൈസൻസ് നൽകുന്ന അധികാരസ്ഥനു സമർപ്പിക്കേണ്ടതുമാകുന്നു:

എന്നാൽ പതിനെട്ടുവയസ്സിനു താഴെ പ്രായമുള്ള ഒരാൾക്ക് ഒരു രക്ഷിതാവുമുഖേന മാത്രമേ ഒരു ലൈസൻസിന് അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു:

എന്നുമാത്രമല്ല, ഒരു മൈനറുടെ ആവശ്യാർത്ഥം ഒരു രക്ഷിതാവായി പ്രവർത്തിക്കുന്ന വല്ല ആളും ഈ ആക്റ്റുപ്രകാരം ഒരു ലൈസൻസിന് അപേക്ഷിക്കുകയും, അയാൾക്ക് അതു ലഭിക്കുകയും ചെയ്യുന്നതായാൽ, അങ്ങനെയുള്ള രക്ഷിതാവ്, അയാൾക്കുതന്നെ ലൈസൻസ് കൊടുത്തിരുന്നാലെന്നപോലെ ഈ ആക്റ്റിലെ എല്ലാം വ്യവസ്ഥകൾക്കും വിധേയനായിരിക്കുന്നതാണ്.

(2) ഏതൊരു ലൈസൻസും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും, തൊണ്ണൂറുരൂപയിൽ കവിയാത്ത ലൈസൻസ് ഫീസ് കൊടുക്കുന്നതുസംബന്ധിച്ചുള്ള നിശ്ചയങ്ങളുൾപ്പെടെ, നിർണ്ണയിക്കപ്പെടാവുന്ന നിശ്ചയങ്ങൾക്കു വിധേയമായും നല്കപ്പെടുന്നതാണ്.

(3) ലൈസൻസ് നൽകുന്ന അധികാരസ്ഥന്—

(എ) ഒരു ലൈസൻസു നൽകുന്നതിനുള്ള ഒരപേക്ഷ സംബന്ധിച്ച് അപേക്ഷകൻ ഈ ആക്റ്റിലെയോ അതുപ്രകാരമുണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകളനുസരിച്ച് നടന്നിട്ടില്ലെന്നും;

(ബി) ഈ ആക്റ്റുമൂലം ആവശ്യപ്പെടുന്ന വല്ല കാര്യവും അനുസരിച്ചു നടക്കുന്നതിൽ അപേക്ഷകൻ മനഃപൂർവ്വമായ വീഴ്ച ചെയ്കയോ, അതിനു വിരുദ്ധമായി അറിഞ്ഞുംകൊണ്ടു പ്രവർത്തിക്കുകയോ ചെയ്തിട്ടുണ്ടെന്നും, അഥവാ

(സി) അപേക്ഷകൻ—

(i) പണമിടപാടു വ്യാപാരം നടത്തുന്നതിലൊ, നടത്തുന്നതു സംബന്ധിച്ചോ, വല്ല ചതിയിലൊ, കള്ളത്തരത്തിലൊ അറിഞ്ഞുംകൊണ്ടു പങ്കെടുത്തിട്ടുണ്ടെന്നും, അഥവാ ചതിയോ കള്ളത്തരമോ ചെയ്യാൻ ഒത്താശ ചെയ്തിട്ടുണ്ടെന്നും, അഥവാ

(ii) ഇന്ത്യൻ ശിക്ഷാനിയമം (1860-ലെ 45-ാം സെൻട്രൽ ആക്റ്റ്) 17-ാം അദ്ധ്യായമൊ, 18-ാം അദ്ധ്യായമൊപ്രകാരം ഒരു കുറ്റം ചെയ്തതായി കാണപ്പെട്ടിട്ടുണ്ടെന്നും, അഥവാ

(iii) രണ്ടോ മൂന്നോ സന്ദർഭങ്ങളിൽ 11-ാം വകുപ്പു പ്രകാരമോ 13-ാം വകുപ്പു പ്രകാരമോ ഒരു കുറ്റം ചെയ്തതായി കാണപ്പെട്ടിട്ടുണ്ടെന്നും, അഥവാ

(ഡി) അപേക്ഷയുടെ തീയതിക്കു മുമ്പായി ആറുമാസത്തിനുള്ളിൽ അപേക്ഷകൻെറ ലൈസൻസ് ദുർബ്ബലപ്പെടുത്തിയിട്ടുണ്ടെന്നും ബോദ്ധ്യമാകുന്നതായാൽ, അങ്ങനെയുള്ള അധികാരസ്ഥന് എഴുത്തുമൂലമുള്ള കല്പനയാൽ ഒരു ലൈസൻസു നൽകുവാൻ കൂട്ടാക്കാതിരിക്കാവുന്നതാണ്.

(4) (3)-ാംവകുപ്പു പ്രകാരം ലൈസൻസു നൽകുന്ന അധികാരസ്ഥൻ പുറപ്പെടുവിക്കുന്ന കല്പനമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള കല്പന അയാൾക്കയച്ചു കിട്ടിയ തീയതിമുതൽക്കു ഒരു മാസത്തിനുള്ളിൽ, നിർണ്ണയിക്കപ്പെട്ട അധികാരസ്ഥൻെറ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(5) ഈ ആക്ററുപ്രകാരം നൽകപ്പെട്ട ഏതൊരു ലൈസൻസിൻെറയും കാലാവധി (7)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, അതു ഏതു വർഷത്തിൽ നൽകപ്പെട്ടുവോ ആ വർഷത്തിൻെറ അവസാനദിവസം കഴിയേണ്ടതാണ്.

(6) (2)-ാം ഉപവകുപ്പു പ്രകാരം നൽകപ്പെട്ട ഒരു ലൈസൻസ് വർഷന്തോറും പുതുക്കാവുന്നതും, (1) മുതൽ (5) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ, ഒരു ലൈസൻസ് നൽകുന്നതിൻെറ കാര്യത്തിൽ സംബന്ധിക്കുന്നതുപോലെ ഒരു ലൈസൻസ് പുതുക്കുന്നതിൻെറ കാര്യത്തിൽ സംബന്ധിക്കുന്നതാണ്.

(7) ഒരു ലൈസൻസ് പുതുക്കുവാൻ നിഷേധിച്ചുകൊണ്ടുള്ള കല്പനകൾ ഒരു പണമിടപാടുകാരന് അയാളുടെ നടപ്പിലുള്ള ലൈസൻസിൻെറ കാലാവധി കഴിയുന്നതിനു മുമ്പായി ലൈസൻസ് നൽകുന്ന അധികാരസ്ഥൻ അയച്ചുകൊടുക്കാതിരുന്നാൽ, പണമിടപാടുകാരനു അങ്ങനെ കാലാവധി കഴിഞ്ഞാൽക്കൂടി പുതുക്കുന്നതിനെസംബന്ധിച്ചുള്ള തൻെറ അപേക്ഷയിന്മേൽ തനിക്കു കല്പനകൾ കിട്ടുന്നതുവരെ സാധുവായ ഒരു ലൈസൻസ് ഉള്ളതായി കരുതേണ്ടതാകുന്നു.

(8) ഈ വകുപ്പിലുള്ള യാതൊന്നും, ഏതു പണമിടപാടുകാരൻെറ ലൈസൻസിൻെറ കാലാവധി കഴിയുകയോ ലൈസൻസ് പുതുക്കാതിരിക്കുകയോ ചെയ്യുവോ ആ പണമിടപാടുകാരനെ, ലൈസൻസ് നടപ്പിലുണ്ടായിരുന്ന കാലത്തു കൊടുത്ത വല്ല കടംവായ്പയും വസൂലാക്കുവാൻ നടപടികളെടുക്കുന്നതിനു അനർഹനാക്കുന്നതായി കരുതുവാൻ പാടുള്ളതല്ല.

5. പണമിടപാടുകാരൻ വ്യാപാരസ്ഥലം മാററൽ.—യാതൊരു പണമിടപാടുകാരനും, ലൈസൻസ് നൽകുന്ന അധികാരസ്ഥനു മുന്നറിയിപ്പു കൊടുക്കാതെയും പുതിയ വ്യാപാരസ്ഥലത്തിൻെറ മേൽവിലാസം തൻെറ ലൈസൻസിൻെറ പുറത്തു ക്രമമായി എഴുതാതെയും തൻെറ വ്യാപാരസ്ഥലം മാററുവാൻ പാടുള്ളതല്ല.

6. പണമിടപാടുകാർ അവരുടെ പേരുകൾ ഷാപ്പുകളിൽ പ്രദർശിപ്പിക്കേണ്ടതാണെന്ന്.—ഏതൊരു പണമിടപാടുകാരനും, തൻെറ പേർ "Money-lender" എന്ന വാക്കോടും പ്രാദേശികഭാഷയിൽ അതിനു തുല്യമായ വാക്കോടുംകൂടി തൻെറ ഷാപ്പിലോ വ്യാപാരസ്ഥലത്തോ എപ്പോഴും പ്രദർശിപ്പിച്ചു വയ്ക്കേണ്ടതാണ്.

7. പണമിടപാടുകാർക്ക് അനുവദിക്കപ്പെട്ട പലിശയും ചെലവുകളും.—(1) യാതൊരു പണമിടപാടുകാരനും, കടംവായ്പ ഉറപ്പുനൽകപ്പെട്ട ഒരു കടംവായ്പയായിരിക്കുന്നപക്ഷം, വർഷംതോറും ഒമ്പതു ശതമാനം സാധാരണ പലിശയിൽ കവിയുന്ന നിരക്കിലോ, കടംവായ്പ ഉറപ്പു നൽകപ്പെട്ട കടംവായ്പയല്ലാത്തപക്ഷം വർഷംതോറും പന്ത്രണ്ടു ശതമാനം സാധാരണ പലിശയിൽ കവിയുന്ന നിരക്കിലോ, യാതൊരു കടംവായ്പയിന്മേലും പലിശ ചുമത്തുവാൻ പാടുള്ളതല്ല.

(2) ഒരു പണമിടപാടുകാരനു നിർണ്ണയിക്കപ്പെടാവുന്ന ചെലവുകൾ നിർണ്ണയിക്കപ്പെടാവുന്ന സംഗതികളിൽ അധമർണ്ണനോട് ആവശ്യപ്പെടാവുന്നതും, അധമർണ്ണനിൽനിന്നു സ്വീകരിക്കാവുന്നതുമാകുന്നു.

(3) ഒരു പണമിടപാടുകാരൻ, (1)-ാം ഉപവകുപ്പു പ്രകാരം കൊടുക്കേണ്ടതിൽ കവിഞ്ഞു യാതൊരു പലിശയോ, ലാഭമോ മററു സംഖ്യയോ ഏതുതന്നെയായാലും അധമർണ്ണനോടു് ആവശ്യപ്പെടുകയോ, അധമർണ്ണനിൽ നിന്നു സ്വീകരിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

8. കടംവായ്പയിന്മേൽ കൊടുക്കേണ്ടതായ പണം കോടതിയിൽ ഡെപ്പോസിററു് ചെയ്യാനുള്ള അധികാരം.—(1) ഒരു പണമിടപാടുകാരൻ, തന്റെ കടംവായ്പസംബന്ധിച്ചു കിട്ടേണ്ടതായ പണം മുഴുവനുമൊ, അതിന്റെ ഏതാനും ഭാഗമോ മററു വസ്തുവോ സ്വീകരിക്കുവാൻ കൂട്ടാക്കാതിരിക്കുന്നപക്ഷം അധമർണ്ണനു, അങ്ങനെയുള്ള കടംവായ്പ വസൂലാക്കുന്നതിനുള്ള ഒരു വ്യവഹാരം സ്വീകരിക്കുവാൻ അധികാരമുള്ള കോടതിയിൽ മേല്പറഞ്ഞ പണമൊ, വസ്തുവൊ ഡെപ്പോസിററു് ചെയ്യാവുന്നതും, അതതു സംഗതിപോലെ കടംവായ്പ മുഴുവനായൊ, ഏതാനുമായൊ, കൊടുത്തുതീർത്തുവെന്നു രേഖപ്പെടുത്തുവാൻ കോടതിയോടു് അപേക്ഷിക്കാവുന്നതുമാകുന്നു.

(2) അങ്ങിനെയുള്ള ഏതെങ്കിലും അപേക്ഷ ബോധിപ്പിക്കുന്നപക്ഷം കോടതി ന്യായമായ അന്വേഷണം നടത്തിയതിനു ശേഷം, കടംവായ്പ അതതു സംഗതിപോലെ മുഴുവനുമായോ ഏതാനുമായോ കൊടുത്തുതീർത്തതായി രേഖപ്പെടുത്തിക്കൊണ്ടു് കല്പനകൾ പാസ്സാക്കേണ്ടതാകുന്നു.

(3) വ്യവഹാരങ്ങൾ വിചാരണ ചെയ്യുന്നതിനെ സംബന്ധിച്ചു 1908-ലെ സിവിൽനടപടിനിയമത്തിൽ (1908-ലെ 5-ാം സെൻട്രൽആക്ററു്) നിശ്ചയിക്കപ്പെട്ട നടപടിക്രമം, പാടുള്ളടത്തോളം, ഈ വകുപ്പുപ്രകാരമുള്ള അപേക്ഷകൾക്കു സംബന്ധിക്കുന്നതാണു്.

(4) (2)-ാം ഉപവകുപ്പുപ്രകാരം ഒരു കോടതി പാസ്സാക്കുന്ന കല്പനയിന്മേൽ ഒരു അപ്പീൽ, അങ്ങനെയുള്ള കല്പന 1908-ലെ സിവിൽനടപടിനിയമം (1908-ലെ 5-ാം സെൻട്രൽ ആക്ററു്) 47-ാംവകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ ഒരു വിധി നടത്തുകയോ, തീർക്കുകയോ, വീട്ടുകയോ ചെയ്യുന്നതിനു് സംബന്ധിക്കുന്നതുപോലെ ബോധിപ്പിക്കാവുന്നതാണു്.

9. പണമിടപാടുകാരൻ പുസ്തകങ്ങൾ സൂക്ഷിക്കുകയും, രസീതുകൾ കൊടുക്കുകയും മററും ചെയ്യേണ്ടതാണെന്നു്.—(1) ഏതൊരു പണമിടപാടുകാരനും,—(എ) (i) കടംവായ്പയുടെ തീയതിയും, കടംവായ്പയുടെ മുതൽ സംഖ്യയും, കടംവായ്പയിന്മേൽ ചുമത്തുന്ന പലിശ നിരക്കും;

(ii) കടംവായ്പ സംബന്ധിച്ചു പണമിടപാടുകാരനു് കിട്ടുന്ന ഏതൊരു സംഖ്യയും, അങ്ങനെ പണമടയ്ക്കുന്ന തീയതിയും ഓരോ അധമർണ്ണനെയും സംബന്ധിച്ചു് പ്രത്യേകം പ്രത്യേകം കാണിച്ചുകൊണ്ടു് ഒരു കണക്കു് രേഖപ്പെടുത്തിവെച്ചു പോരേണ്ടതും അഥവാ രേഖപ്പെടുത്തിവച്ചു പോരുന്നതിന്നിടയാക്കേണ്ടതും;

(ബി) അധമർണ്ണനൊ അയാളുടെ ഏജൻറിന്നൊ, അയാൾ കൊടുക്കുന്ന ഓരോ സംഖ്യക്കും അങ്ങനെ കൊടുക്കുന്ന സമയത്തു് ഒരു രസീതു് ക്രമമായി ഒപ്പിട്ടും, ആവശ്യമാകുന്നപക്ഷം, മുദ്രപതിച്ചും കൊടുക്കേണ്ടതും;

(സി) അധമർണ്ണൻ എഴുത്തുമൂലം ബോധിപ്പിക്കുന്ന അപേക്ഷയിന്മേൽ, അയാൾക്കൊ അല്ലെങ്കിൽ അയാൾ അങ്ങനെ ആവശ്യപ്പെടുന്നപക്ഷം, അയാളുടെ അപേക്ഷയിൽ ആ ആവശ്യാർത്ഥം അയാൾ പ്രസ്താവിക്കുന്ന ഏതെങ്കിലും ആൾക്കൊ, (എ) എന്ന ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട വിവരണവും മുതൽ സംഖ്യയിന്മേലും, പലിശയിന്മേലും കൊടുക്കാതെ ബാക്കി നില്ക്കുന്ന സംഖ്യയും കാണിക്കുന്നതും, താൻതന്നെയോ തന്റെ ഏജൻറാ ഒപ്പിട്ടതുമായ കണക്കുകളുടെ ഒരു സ്റ്റേററുമെൻറു് കൊടുക്കേണ്ടതും, ഗവണ്മെൻറു് നിർണ്ണയിക്കാവുന്ന ഫീസു് അതിന്നു് ചുമത്തേണ്ടതും:

എന്നാൽ പണമിടപാടുകാരനു് അധമർണ്ണനുമായുള്ള ഇടപാടുകളുടെ നാളതുവരെയുള്ള കണക്കു് അടങ്ങിയതും, നിർണ്ണയിക്കപ്പെട്ട ഫാറത്തിലുള്ളതുമായ ഒരു പാസ്സുബുക്കു് അധമർണ്ണനു് പണമിടപാടുകാരൻ കൊടുത്തിട്ടുള്ള

പക്ഷം, അങ്ങനെയുള്ള യാതൊരു സ്റ്റേറ്റുമെൻറും ഒരു അധമർണ്ണന്ന് കൊടുക്കേണ്ട ആവശ്യമില്ല.

(ഡി) താൻ മുൻകൂറായി നൽകിയ കടം വായ്പകളെ സംബന്ധിച്ച്, നിർണ്ണയിക്കപ്പെടാവുന്ന തവണക്കണക്കുകളും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും, സമയങ്ങളിലും സംബന്ധപ്പെട്ട ഇൻസ്പെക്ടറക്ക് സമർപ്പിക്കേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൽ പ്രസ്താവിക്കപ്പെട്ട പുസ്തകങ്ങളിലും, കണക്കുകളിലും, രേഖകളിലും ചേർത്ത എല്ലാ റിക്കാർഡുകളും അഥവാ കുറിപ്പുകളും ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന ഭാഷയിലായിരിക്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പ് (സി) എന്ന ഖണ്ഡപ്രകാരം കണക്കുകളുടെ സ്റ്റേറ്റുമെൻറ് നൽകപ്പെട്ടവനും, കണക്കുകളുടെ കൃത്യതയെപ്പററി ആക്ഷേപിക്കുവാൻ വീഴ്ച ചെയ്യുന്നവനുമായ ഒരു അധമർണ്ണൻ; അങ്ങനെയുള്ള വീഴ്ച കൊണ്ടുമാത്രം അങ്ങനെയുള്ള കണക്ക് ശരിയാണെന്ന് സമ്മതിച്ചതായി കരുതപ്പെടുവാൻ പാടുള്ളതല്ല.

(4) 1-ാം ഉപവകുപ്പ് (ബി) എന്ന ഖണ്ഡപ്രകാരം കൊടുക്കേണ്ട രസീതിയിലോ, ആ ഉപവകുപ്പ് (സി) എന്ന ഖണ്ഡപ്രകാരം കൊടുക്കേണ്ട കണക്കിൻെറ സ്റ്റേറ്റുമെൻറിലോ സംഖ്യകൾ അറബി അക്കങ്ങളിൽ മാത്രമേ ചേർക്കുവാൻ പാടുള്ളു.

(5) ഒരു കടംവായ്പയെ സംബന്ധിച്ച ഏതെങ്കിലും വ്യവഹാരത്തിലോ, നടപടിയിലോ, കോടതിക്ക് ഒരു പണമിടപാടുകാരൻ (1)-ാം ഉപവകുപ്പ് (എ) എന്ന ഖണ്ഡത്താൽ ആവശ്യപ്പെട്ട പ്രകാരം ഒരു കണക്ക വച്ചിട്ടില്ലെന്ന് ബോദ്ധ്യമാവുന്ന പക്ഷം, ആ ആൾക്ക് അയാളുടെ കോടതിച്ചെലവുകൾ അനുവദിക്കുവാൻ പാടില്ലാത്തതാകുന്നു.

(6) ഏതെങ്കിലും ഒരു പണമിടപാടുകാരൻ അധമർണ്ണനോ അയാളുടെ ഏജൻറിനോ (1)-ാം ഉപവകുപ്പ് (ബി) എന്ന ഖണ്ഡംമൂലം ആവശ്യപ്പെട്ട പ്രകാരം ഒരു രസീതു കൊടുക്കുവാനോ ആ ഉപവകുപ്പ് (സി) എന്ന ഖണ്ഡപ്രകാരം ആവശ്യപ്പെട്ടാൽ, അങ്ങനെ ആവശ്യപ്പെട്ടതിനുശേഷം ഒരു മാസത്തിനുള്ളിൽ അതിൽ ആവശ്യപ്പെട്ട പ്രകാരം കണക്കിൻെറ സ്റ്റേറ്റുമെൻറ് കൊടുക്കുവാനോ വീഴ്ച ചെയ്യുന്നപക്ഷം, വീഴ്ച വരുത്തുന്ന കാലത്തേയ്ക്ക് യാതൊരു പലിശയ്ക്കും അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

(7) കക്ഷികൾ തമ്മിൽ ഏതെങ്കിലും ഉടമ്പടിയോ അല്ലെങ്കിൽ തൽകാലം ഉഴജ്ജിതത്തിലുള്ള ഏതെങ്കിലും നിയമമോ ഉണ്ടായിരുന്നാൽ കൂടി,

ഒരു മാസത്തിൽ ഏതെങ്കിലും ദിവസത്തിൽ ഈ വകുപ്പുപ്രകാരം ഒരു അധമർണ്ണന്ന് ഒരു സ്റ്റേറ്റുമെൻറ കൊടുക്കുന്നതായാൽ അങ്ങനെയുള്ള സ്റ്റേറ്റുമെൻറ് അങ്ങനെയുള്ള ഏതെങ്കിലും ദിവസത്തിലാണ് കൊടുത്തതെന്നുള്ള വസ്തുത വകവയ്ക്കാതെ, കൊടുക്കേണ്ട പലിശ മുഴുവൻ മാസത്തേയ്ക്കും കൊടുക്കേണ്ടതായി കണക്കാക്കേണ്ടതാണ്.

10. <u>ഇൻസ്പെക്ടർമാരെ നിയമിക്കലും അവരുടെ അധികാരങ്ങളും.</u>—(1) ഗവണ്മെൻറിനോ, അല്ലെങ്കിൽ അവർ അധികാരപ്പെടുത്താവുന്ന ഏതെങ്കിലും അധികാരസ്ഥനോ, ഉദ്യോഗസ്ഥനോ, ഈ ആക്ടിൻെറ ആവശ്യങ്ങൾക്കായി ഗസററിൽ പരസ്യംമൂലം, ഒന്നോ അതിൽ കൂടുതലോ ആളുകളെ ഇൻസ്പെക്ടർമാരായി നിയമിക്കാവുന്നതും അങ്ങനെയുള്ള പരസ്യത്തിൽ അവരുടെ പ്രാദേശികാധികാരാതിർത്തികൾ നിശ്ചയിക്കാവുന്നതുമാണ്.

(2) ഏതൊരു ഇൻസ്പെക്ടറേയും ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം സെൻട്രൽ ആക്ട്) 21-ാംവകുപ്പിൻെറ അർത്ഥവ്യാപ്തികളിൽ ഒരു ഗവണ്മെൻറുദ്യോഗസ്ഥനായി കരുതേണ്ടതാണ്.

(3) (എ) ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിന്, ലൈസൻസ് ഇല്ലാതെ ഒരു ആളോ, ഈ ആക്ടിലെ വ്യവസ്ഥകൾക്കോ, അതുപ്രകാരം നൽകിയ ലൈസൻസിലെ നിശ്ചയങ്ങൾക്കോ വിരുദ്ധമായി ഒരു പണമിടപാടുകാരനോ, അങ്ങനെയുള്ള മജിസ്ട്രേട്ടിൻെറ അധികാരാതിർത്തികളിലുള്ള ഏതെങ്കിലും

സ്ഥലത്തുവച്ച് പണം കടം കൊടുക്കുന്ന വ്യാപാരം നടത്തുന്നതായി ഒരു ഇൻസ്പെക്ടറിൽനിന്നു റിപ്പോർട്ടു ലഭിച്ചാൽ ആ ഇൻസ്പെക്ടറെ, അദ്ദേഹത്തിനു ആവശ്യമെന്നുതോന്നുന്ന അസ്സിസ്റ്റൻറമാരോടുകൂടി അങ്ങനെയുള്ള സ്ഥലത്ത് പ്രവേശിക്കുന്നതിനും, അങ്ങനെയുള്ള പുരയിടത്തിലുള്ള പുസ്തകങ്ങളും, കണക്കുകളും, റിക്കാർഡുകളും, ഫയലുകളും, രേഖകളും, ഇരിമ്പുപെട്ടികളും, നിലവറകളും, പണയസാധനങ്ങളും, എന്നിവ പരിശോധിക്കുന്നതിനും അധികാരപ്പെടുത്തിക്കൊണ്ട് ഒരു വാറണ്ടു പുറപ്പെടുപ്പിക്കാവുന്നതാണ്. അങ്ങനെയുള്ള വാറണ്ടു ലഭിച്ചാൽ ഇൻസ്പെക്ടറക്ക് ആ സ്ഥലത്ത് പ്രവേശിക്കുകയും ആ പുരയിടത്തിലുള്ള പുസ്തകങ്ങളും, കണക്കുകളും, റിക്കാർഡുകളും, ഫയലുകളും, രേഖകളും, ഇരിമ്പുപെട്ടികളും, നിലവറകളും, പണയസാധനങ്ങളും എന്നിവ പരിശോധിക്കുകയും കൂടുതൽ അന്വേഷണത്തിനായി, തനിക്കു ആവശ്യമെന്നു തോന്നുന്ന പുസ്തകങ്ങളും, കണക്കുകളും, റിക്കാർഡുകളും, ഫയലുകളും, രേഖകളും, എന്നിവ തൻെറ ആഫീസിലേയ്ക്ക് കൊണ്ടുപോവുകയും ചെയ്യാവുന്നതാണ്..

എന്നാൽ, ഇൻസ്പെക്ടറർ ആ പുരയിടത്തിൽനിന്നു ഏതെങ്കിലും പുസ്തകങ്ങളും കണക്കുകളും റിക്കാർഡുകളും, ഫയലുകളും രേഖകളും നീക്കംചെയ്യുന്ന പക്ഷം, അങ്ങനെ താൻ നീക്കംചെയ്യുന്ന പുസ്തകങ്ങളും, കണക്കുകളും, റിക്കാർഡുകളും, ഫയലുകളും, രേഖകളും എന്നിവയുടെ വിവരണം നൽകിക്കൊണ്ടുള്ള ഒരു രസീതു് ആ സ്ഥലത്തിൻെറ ചാർജ്ജു വഹിക്കുന്ന ആളിനു് അദ്ദേഹം കൊടുക്കേണ്ടതാണ്.

എന്നു മാത്രമല്ല, പുസ്തകങ്ങളും, കണക്കുകളും, റിക്കാർഡുകളും, ഫയലുകളും, രേഖകളും എന്നിവ ആ പുരയിടത്തിൽനിന്ന് നീക്കം ചെയ്തതിനുശേഷം ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ ഇൻസ്പെക്ടറർ അവ ആരുടെ കൈവശത്തിൽനിന്നു നീക്കംചെയ്തുവോ, ആ ആളിനു് തിരിച്ചുകൊടുക്കുകയോ അല്ലെങ്കിൽ വാറണ്ടു പുറപ്പെടുവിച്ച മജിസ്ട്രേട്ടിൻെറ കോടതിയിൽ അവ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. ഇൻസ്പെക്ടററോ, കോടതിയോ ആവശ്യപ്പെടുമ്പോഴും ആ പുസ്തകങ്ങളും, കണക്കുകളും, റിക്കാർഡുകളും, ഫയലുകളും, രേഖകളും എന്നിവ ഹാജരാക്കുന്നതിനു്, മജിസ്ട്രേട്ടിനു ആവശ്യമെന്നു തോന്നുന്ന ഉറപ്പ് അങ്ങനെയുള്ള ആളുടെ പക്കൽനിന്നു വാങ്ങിയതിനുശേഷം, അങ്ങനെയുള്ള മജിസ്ട്രേട്ടിനു ആ പുസ്തകങ്ങളോ, കണക്കുകളോ, റിക്കാർഡുകളോ, ഫയലുകളോ, രേഖകളോ അല്ലെങ്കിൽ അവയിൽ വല്ലതുമോ, അവ ആരുടെ സൂക്ഷിപ്പിൽനിന്നു ഇൻസ്പെക്ടറർ നീക്കംചെയ്തുവോ ആ ആളിനു് തിരിച്ചുകൊടുക്കുകയോ അല്ലെങ്കിൽ അവ കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ചു മജിസ്ട്രേട്ടിനു ന്യായവും സൌകര്യപ്രദവുമായി തോന്നുന്ന മററു കല്പനകളും പാസ്സാക്കുകയോ ചെയ്യാവുന്നതാകുന്നു.

(ബി) ഒരു ഇൻസ്പെക്ടറക്ക്, ഏതെങ്കിലും കടംവായ്പയേയോ അല്ലെങ്കിൽ പണം കടം കൊടുക്കുന്ന ഏതെങ്കിലും വ്യാപാരത്തെയോ സംബന്ധിച്ച് ആരുടെ സാക്ഷ്യം ആവശ്യമുണ്ടോ, അപ്രകാരമുള്ള ഏതൊരാളോടും തൻെറ മുമ്പിൽ ഹാജരാകുന്നതിനോ, വല്ല രേഖയും ഹാജരാക്കുകയോ ഹാജരാക്കിക്കുകയോ ചെയ്യുന്നതിനോ ആവശ്യപ്പെടുവാനും, അങ്ങനെയുള്ള ആളെ സത്യവാചകത്തിന്മേൽ വിസ്തരിക്കുവാനും അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഒരു ഇൻസ്പെക്ടറക്ക്, ഒരു പോലീസ് സ്റ്റേഷൻെറ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥനോട് സഹായം അഭ്യർത്ഥിക്കാവുന്നതും, ഈ ആക്ററ് പ്രകാരം ഇൻസ്പെക്ടറുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനു് തന്നെ അനുഗമിക്കുകയും സഹായിക്കുകയും ചെയ്യുന്നതിനു് പോലീസ് ഉദ്യോഗസ്ഥന്മാരെ കൂട്ടിക്കൊണ്ടുപോകാവുന്നതുമാണ്.

11. <u>കണക്കുകളിലും മററും പറഞ്ഞിട്ടുള്ളതിൽ കുറഞ്ഞ സംഖ്യ മുൻകൂറായി കൊടുക്കുകയോ, കൂടുതൽ പലിശ ഈടാക്കുകയോ ചെയ്യുന്ന പണമിടപാടുകാരൻ ശിക്ഷാർഹനാകുന്നു.</u>—(1) (എ) തൻെറ കണക്കുകളിലോ, രജിസ്റ്ററുകളിലോ, കടംവായ്പയെ സംബന്ധിച്ച മററു രേഖകളിലോ കാണിച്ചിട്ടുള്ള സംഖ്യയിൽ കുറഞ്ഞ ഒരു സംഖ്യ യഥാർത്ഥത്തിൽ മുൻകൂറായി കൊടുക്കുകയോ, അല്ലെങ്കിൽ

(ബി) മേല്പറഞ്ഞ കണക്കുകളിലൊ, രജിസ്റ്ററുകളിലൊ, രേഖകളിലൊ, കാണിച്ചിട്ടുള്ളതൊ ഈ ആക്റ്റ് പ്രകാരം സമ്മതിച്ചിട്ടുള്ളതൊ ആയ നിരക്കിൽ കവിഞ്ഞ ഒരു നിരക്കിൽ പലിശയോ, മറ്റ് ഏതെങ്കിലും ചെലവോ എടുക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്ന ഏതൊരു പണമിടപാടുകാരനും, അയാൾക്ക് ലൈസൻസ് ഉണ്ടെങ്കിലും ഇല്ലെങ്കിലും ശരി, ആറുമാസത്തോളം വരാവുന്ന തടവോ, ആയിരം രൂപയോളം വരാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ നൽകേണ്ടതാണ്.

(2) ഒരു പണമിടപാടുകാരന്റെ മേൽ (1)-ാം ഉപവകുപ്പുപ്രകാരം ഒരു കുറ്റത്തിനു കുറ്റം സ്ഥാപിക്കുന്നതായാൽ, അയാളുടെമേൽ കുറ്റം സ്ഥാപിക്കുന്ന കോടതിയ്ക്ക് ഒരു പണമിടപാടുകാരനെന്നനിലയിലുള്ള അയാളുടെ ലൈസൻസ് റദ്ദാക്കാവുന്നതാണ്.

12. <u>കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.</u>—ഈ ആക്റ്റോ, അനുപ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം ശിക്ഷിക്കാവുന്ന ഒരു കുറ്റം, ഇൻസ്പെക്ടരുടെ രേഖാമൂലമായ ആവലാതിയിന്മേലല്ലാതെ, യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടില്ലാത്തതാകുന്നു.

13. <u>അധമർണ്ണനെ ഉപദ്രവിക്കുന്നതിനു ശിക്ഷ.</u>—ഏതെങ്കിലും കടം വായ്പ വീണ്ടെടുക്കുവാനായി ഏതെങ്കിലും അധമർണ്ണനെ ഉപദ്രവിക്കുകയോ, ഉപദ്രവിക്കുവാൻ ഉത്സാഹിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും ആറുമാസത്തോളം വരാവുന്ന തടവോ, ആയിരം രൂപയോളം വരാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ നൽകേണ്ടതാണ്.

14. <u>ലൈസൻസുകളും മറ്റും റദ്ദാക്കുന്നതിനുള്ള അധികാരം.</u>— (1) (എ) ലൈസൻസുകാരൻ ഈ ആക്റ്റിലെയോ അനുപ്രകാരമുണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾക്കോ, ലൈസൻസിലെ നിശ്ചയങ്ങൾക്കോ വിരുദ്ധമായി വ്യാപാരം നടത്തുകയോ, അല്ലെങ്കിൽ

(ബി) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം വല്ല കാരണത്താലും, ലൈസൻസ് നൽകുന്ന അധികാരസ്ഥന്, പണമിടപാടുകാരന് ലൈസൻസ് നൽകുവാൻ നിഷേധിക്കാമായിരുന്നെങ്കിൽ, ആ കാരണം, ലൈസൻസു നൽകിയതിനു ശേഷം ആ അധികാരസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തുകയോ, അല്ലെങ്കിൽ

(സി) 11-ാം വകുപ്പോ, 13-ാം വകുപ്പോ പ്രകാരം ഉള്ള ഒരു കുറ്റത്തിന് ലൈസൻസുകാരന്റെ മേൽ കുറ്റം സ്ഥാപിക്കുകയോ, അല്ലെങ്കിൽ,

(ഡി) ലൈസൻസുകാരൻ കള്ളക്കണക്കുകൾ വെച്ചുപോരുകയോ, ഏതെങ്കിലും കടം വസൂലാക്കുന്നതിനായി ഏതെങ്കിലും അധമർണ്ണനെ ഉപദ്രവിക്കുകയോ, ഉപദ്രവിക്കുന്നതിനു ഉത്സാഹിപ്പിക്കുകയോ ചെയ്യുന്നതായി കാണപ്പെടുകയോ ചെയ്കയോ ചെയ്യുന്നതായാൽ, ലൈസൻസ് നൽകുന്ന അധികാരസ്ഥന്; വല്ല ലൈസൻസും പ്രാബല്യത്തിലിരിക്കുന്ന ഏതു സമയത്തും രേഖാമൂലമായ ഒരു കല്പന മൂലം അതു് റദ്ദാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു ലൈസൻസ് റദ്ദാക്കുന്നതിനു മുമ്പ്, ലൈസൻസ് നൽകുന്ന അധികാരസ്ഥൻ ഏതു കാരണങ്ങളിന്മേൽ നടപടി എടുക്കുന്നതിനു ഉദ്ദേശിച്ചിരിക്കുന്നുവോ, ആ കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ടും, നോട്ടീസിൽ പ്രത്യേകം പറയാവുന്ന സമയത്തിനുള്ളിൽ അതിന് എതിരായ കാരണം കാണിക്കുന്നതിന് അയാളോട് ആവശ്യപ്പെട്ടുകൊണ്ടും, രേഖാമൂലമായ ഒരു നോട്ടീസ് ലൈസൻസുകാരന് കൊടുക്കേണ്ടതാണ്.

(3) ലൈസൻസ് നൽകുന്ന അധികാരസ്ഥൻ ഒരു ലൈസൻസ് റദ്ദാക്കിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഒരു കല്പന മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അപ്രകാരമുള്ള കല്പന അയാൾക്കു അയച്ചുകിട്ടിയ തിയതിക്കുശേഷം ഒരു മാസത്തിനുള്ളിൽ നിർണ്ണയിക്കപ്പെട്ട. അധികാരസ്ഥന്റെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

15. <u>റദ്ദാക്കിക്കൊണ്ടുള്ള കല്പന പ്രസിദ്ധപ്പെടുത്തൽ.</u>— ഈ ആക്റ്റ് പ്രകാരം ലൈസൻസ് റദ്ദാക്കിക്കൊണ്ടുള്ള ഏതൊരു കല്പനയും, ഗസറ്റിലും

ലൈസൻസ് നൽകുന്ന അധികാരസ്ഥന്റെ ആഫീസിലെ നോട്ടീസ് ബോർഡിന്മേലും പരസ്യപ്പെടുത്തേണ്ടതാണ്.

16. ലൈസൻസ് റദ്ദാക്കിയാൽ നഷ്ടപ്രതിഫലം ഇല്ലെന്ന്.—14-ാം വകുപ്പു പ്രകാരം ആരുടെ ലൈസൻസ് റദ്ദാക്കപ്പെടുന്നുവോ, ആ ആൾക്ക് അങ്ങിനെ റദ്ദാക്കുന്നതിന്റെ കാര്യത്തിൽ യാതൊരു നഷ്ടപ്രതിഫലത്തിനോ അല്ലെങ്കിൽ അങ്ങിനെയുള്ള ലൈസൻസിന്റെ കാര്യത്തിൽ കൊടുത്ത ഏതെങ്കിലും ഫീസ്സ് തിരിച്ചു കിട്ടുന്നതിനോ അവകാശമുണ്ടായിരിക്കുന്നതല്ല.

17. ലൈസൻസ് ഇല്ലാതെ വ്യാപാരം നടത്തുന്നതിന് ശിക്ഷ.— ഒരു ലൈസൻസ് ഇല്ലാതെയോ, അല്ലെങ്കിൽ ഒരു ലൈസൻസിലെ തിട്ടങ്ങൾക്കും നിശ്ചയങ്ങൾക്കും അനുസൃതമല്ലാതെയോ പണമിടപാട് വ്യാപാരം നടത്തുന്ന ഏതൊരു ആൾക്കും ആറുമാസത്തോളം വരാവുന്ന തടവോ, ആയിരം രൂപയോളം വരാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷ നൽകേണ്ടതാണ്.

എന്നാൽ ഒരാൾക്കു നൽകപ്പെട്ട ലൈസൻസിന്റെ കാലാവധി കഴിഞ്ഞതിനു ശേഷം അയാൾ പണമിടപാടു വ്യാപാരം നടത്തുന്നത് നിർത്തിവയ്ക്കുകയും എന്നാൽ ലൈസൻസ് ഉജ്ജീവിതത്തിലിരുന്ന കാലത്ത് അയാൾ മുൻകൂറായി കൊടുത്ത ഏതെങ്കിലും കടംവായ്പ വസൂലാക്കുന്നതിന് നടപടികളെടുത്തുവരികയും ചെയ്തിട്ടുണ്ടെങ്കിൽ അയാൾ ലൈസൻസ് ഇല്ലാതെ പണമിടപാടു വ്യാപാരം നടത്തുന്നതായി കരുതാൻ പാടില്ലാത്തതാകുന്നു.

18. ശിക്ഷകൾ.—(1) ഈ ആക്റ്റിലെയോ, അതു പ്രകാരം ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ അല്ലെങ്കിൽ അതുപ്രകാരം നൽകിയതോ, നൽകിയതായി കരുതപ്പെടുന്നതോ ആയ ഒരു ലൈസൻസിലുള്ള ഏതെങ്കിലും തിട്ടങ്ങളിലെയോ നിശ്ചയങ്ങളിലെയോ വല്ല വ്യവസ്ഥകളും ലംഘിക്കുകയോ, വ്യാജമായതോ, സത്യമാണെന്ന് താൻ വിശ്വസിക്കാത്തതോ ആയ ഒരു തേർച്ചയോ പ്രസ്താവനയോ ചെയ്യുകയോ ചെയ്യുന്ന ഏതൊരു ആൾക്കും അങ്ങനെയുള്ള ലംഘനത്തിന് ഈ ആക്റ്റിൽ മറെറാരിടത്തും യാതൊരു ശിക്ഷയും വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, ആറുമാസത്തോളം വരാവുന്ന തടവോ, ആയിരം രൂപയോളം വരാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷ നൽകേണ്ടതാണ്.

വിശദീകരണം.—14-ാം വകുപ്പുപ്രകാരം ഒരു ലൈസൻസ് റദ്ദാക്കുന്നത് ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി ഒരു ശിക്ഷയാണെന്നു കരുതാൻ പാടില്ലാത്തതാകുന്നു.

(2) ഈ ആക്റ്റിലെയോ അതുപ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ വ്യവസ്ഥകളിൽ വല്ലതും ലംഘിച്ചതിനു ഒരാളുടെ മേൽ കുററം സ്ഥാപിക്കുകയും ആ ലംഘനം ഒരു കാര്യം ചെയ്യുന്നതിനുള്ള വീഴ്ചയായിരിക്കുകയും ചെയ്യുന്നപക്ഷം മജിസ്ട്രേട്ടിന് കുററക്കാരന്റെ മേൽ കുററം സ്ഥാപിക്കുമ്പോൾ ഒരു നിശ്ചിത ദിവസത്തിനു മുമ്പായി ആ കാര്യം ചെയ്യാനായി അയാളോട് ആജ്ഞാപിക്കുകയും മേല്പറഞ്ഞ ദിവസത്തിനു മുമ്പായി ആ കാര്യം ചെയ്യാൻ അയാൾ വീഴ്ച ചെയ്യുന്നതായാൽ, കുററക്കാരൻ ആ ദിവസം കോടതിയിൽ ഹാജരായിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ശരി, അയാളുടെ ലൈസൻസ് റദ്ദാക്കിക്കൊണ്ട് കല്പന പാസ്സാക്കുകയും ചെയ്യാവുന്നതാണ്.

19. ലൈസൻസ് അവകാശിക്കു കൈമാററം ചെയ്യൽ.—(1) ഈ ആക്റ്റുപ്രകാരമുള്ള ഒരു ലൈസൻസുകാരൻ മരിച്ചുപോകുന്നപക്ഷം, അയാളുടെ നിയമാനുസൃതപ്രതിനിധിയായി തേർച്ച ചെയ്യുന്ന ഏതൊരാൾക്കും മരിച്ച ആളുടെ പേരിൽ നില്ക്കുന്ന ലൈസൻസ് അയാളുടെ പേരിൽ കൈമാററം ചെയ്യുന്നതിനു വേണ്ടി ലൈസൻസു നൽകുന്ന അധികാരസ്ഥന്റെ അടുക്കൽ അപേക്ഷിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള യാതൊരു അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലായിരിക്കേണ്ടതും, നിർണ്ണയിക്കപ്പെടാവുന്ന വിവരങ്ങൾ അതിൽ അടങ്ങിയിരിക്കേണ്ടതുമാണ്.

(3) അപേക്ഷകൻ യഥാർത്ഥത്തിൽ മരിച്ച ആളുടെ നിയമാനുസൃത പ്രതിനിധിയാണെന്നും മററു വിധത്തിൽ ഈ ആക്ററ് പ്രകാരം ലൈസൻസു ലഭിക്കാൻ അയാൾ അർഹനാണെന്നും തനിക്കു ബോദ്ധ്യമാകുന്നപക്ഷം, ലൈസൻസ് നൽകുന്ന അധികാരസ്ഥൻ അപേക്ഷകനിൽ നിന്നു നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു സത്യപ്രസ്താവന വാങ്ങിയ ശേഷം ആ അപേക്ഷകന്റെ പേരിൽ ലൈസൻസ് കൈമാററം ചെയ്യാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പു പ്രകാരം കൈമാററം ചെയ്ത ഏതൊരു ലൈസൻസും അപേക്ഷകനുതന്നെ നൽകിയിട്ടുള്ളതായി കണക്കാക്കേണ്ടതും ലൈസൻസു കൈമാററം ചെയ്തിരുന്നില്ലെങ്കിൽ ഏതു കാലാവധിവരെ അതു സാധുവായിരിക്കുമായിരുന്നുവോ, ആ കാലത്തോളം സാധുവായിരിക്കേണ്ടതും ഈ ആക്ററിലെ വ്യവസ്ഥകൾ അപ്രകാരം സംബന്ധിക്കേണ്ടതുമാണ്.

20. <u>കുററങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള അധികാരം.</u>—ഈ ആക്ററുപ്രകാരം ശിക്ഷിക്കത്തക്കതായ യാതൊരു കുററവും ഒരു രണ്ടാം ക്ലാസ്സ് മജിസ്ട്രേട്ടിന്റെ കോടതിക്കു താഴെയുള്ള യാതൊരു കോടതിയും വിചാരണ ചെയ്യാൻ പാടില്ലാത്തതാകുന്നു.

21. <u>കുററം നിമിത്തം കരാറുകൾ അസാധുവാകുന്നതല്ലെന്ന്.</u>—ഈ ആക്ററ് പ്രകാരം ശിക്ഷിക്കത്തക്ക ഒരു കുററത്തിന് പണമിടപാടുകാരൻ കുററക്കാരനായിരുന്നാൽ അയാളുടെ പണമിടപാടു വ്യാപാരത്തെ സംബന്ധിച്ച് അയാൾ ചെയ്തിട്ടുള്ള യാതൊരു കരാറും ആ കുററം കാരണമായി മാത്രം അസാധുവാകുകയോ, കടംവാങ്ങിയയാളും അതിന്റെ കാര്യത്തിൽ പലിശയും മററു ചെലവുകളും കൊടുക്കേണ്ടതുണ്ടെങ്കിൽ അവയേയും സംബന്ധിച്ചുള്ള അവകാശം ആ കുററം കാരണമായിമാത്രം അയാൾക്കു നഷ്ടപ്പെടുകയോ ചെയ്യുന്നതല്ല.

22. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) ഈ ആക്ററിന്റെ എല്ലാ ആവശ്യങ്ങളുമോ, അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കുന്നതിനായി ഗവൺമെന്റിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേല്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ദോഷം കൂടാതെയും, അങ്ങനെയുള്ള ചട്ടങ്ങൾക്കു താഴെപ്പറയുന്നവയുടെ കാര്യത്തിൽ വ്യവസ്ഥ ചെയ്യാവുന്നതാകുന്നു:—

(എ) ഈ ആക്ററ് പ്രകാരം നിർണ്ണയിക്കുന്നതിനു വ്യക്തമായി ആവശ്യപ്പെട്ടതോ, അനുവദിക്കപ്പെട്ടതോ ആയ എല്ലാ സംഗതികളും;

(ബി) ഈ ആക്ററ് പ്രകാരം ലൈസൻസിനുവേണ്ടിയുള്ള അപേക്ഷയുടെ ഫാറവും ആ അപേക്ഷയിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും;

(സി) ഏതു തിട്ടങ്ങൾക്കും നിശ്ചയങ്ങൾക്കും വിധേയമായി ഒരു ലൈസൻസു കൊടുക്കാമോ ആ തിട്ടങ്ങളും നിശ്ചയങ്ങളും;

(ഡി) ഈ ആക്ററിൽ പറഞ്ഞ പുസ്തകങ്ങളും കണക്കുകളും രേഖകളും രേഖപ്പെടുത്തുകയോ, വെളിപ്പെടുത്തുകയോ, സൂക്ഷിക്കുകയോ, ഉപയോഗിക്കുകയോ ചെയ്യേണ്ട ഫാറം;

(ഇ) ഈ ആക്ററ് പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുകയും, അന്വേഷണങ്ങൾ നടത്തുകയും, അപ്പീലുകൾ വിചാരണ ചെയ്യുകയും ചെയ്യുന്ന അധികാരസ്ഥന്മാർ അനുസരിക്കേണ്ട നടപടിക്രമവും അവർക്ക് വിനിയോഗിക്കാവുന്ന അധികാരങ്ങളും;

(3) ഈ ആക്ററ് പ്രകാരം ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും അവ ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ നിയമസഭയുടെ മുമ്പാകെ വെയ്ക്കേണ്ടതും ഒരേ യോഗത്തിൽതന്നെയോ, ഒന്നിലധികം യോഗങ്ങളിലോ ആയാലും ശരി, അസംബ്ലി യഥാർത്ഥത്തിൽ യോഗം കൂടുന്ന പതിനാലു ദിവസങ്ങൾക്കുള്ളിൽ ഭേദഗതി ചെയ്യുകയോ, റദ്ദാക്കുകയോ ചെയ്തുകൊണ്ട് അസംബ്ലി വരുത്താവുന്ന ഭേദഗതികൾക്ക് അവ വിധേയമായിരിക്കേണ്ടതുമാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം.

ഈ ബിൽ പണമിടപാടുവ്യാപാരം ക്രമപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. ഈ വിധത്തിലുള്ള ഒരു നിയമം പാസ്സാക്കുന്നതുമൂലം പണമിടപാടുകാർ ചുമത്തേണ്ട പലിശകൾ ക്രമപ്പെടുത്തുകയും കടം വാങ്ങുന്നവർക്കു രക്ഷണം നൽകുകയും ചെയ്യുന്നതിനു് ഉദ്ദേശിച്ചിരിക്കുന്നു. പണമിടപാടുകാരന്റെയും കടം വാങ്ങുന്ന ആളുടേയും അവകാശങ്ങളും ബാദ്ധ്യതകളും നിയമസ്ഥാപിതമായ വ്യവസ്ഥകൾക്കുള്ളിൽ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ മെമ്മോറാണ്ടം.

ബില്ലിലെ 10-ാം ഖണ്ഡപ്രകാരം ഗവണ്മെന്റിനോ, അവർ അധികാരപ്പെടുത്തുന്ന ഏതെങ്കിലും അധികാരസ്ഥനോ, ഉദ്യോഗസ്ഥന്മാർക്കോ ഈ ആക്ടിന്റെ ആവശ്യത്തിനായി ഗസററിൽ പരസ്യംമൂലം ഒന്നോ, അതിൽ കൂടുതലോ ആളുകളെ ഇൻസ്പെക്ടർമാരായി നിയമിക്കാവുന്നതാണ്. പണമിടപാടുകാരിൽനിന്നു വസൂലാക്കേണ്ട ലൈസൻസു ഫീസു വകയായി ഗവണ്മെന്റിനു് കുറച്ചു വരുമാനവും ലഭിക്കുന്നതാണ്.

മുഴുവൻ സമയവും ജോലിചെയ്യുന്ന ഇൻസ്പെക്ടർമാരെ നിയമിക്കണമോ, അല്ലെങ്കിൽ ഇപ്പോഴുള്ള കാര്യനിർവ്വഹണ ഉദ്യോഗസ്ഥന്മാരിൽ ചിലരെ അവരുടെ സാധാരണ കൃത്യങ്ങൾക്കു ദോഷം വരാത്ത വിധത്തിൽ ആ പ്രവൃത്തി ഏല്പിക്കാമോ എന്ന പ്രശ്നം, ചെയ്യേണ്ട ജോലിയുടെ വലിപ്പം കണ്ടു കണക്കാക്കിയതിനുശേഷം മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളു. അതിനാൽ ഈ നിയമനിർമ്മാണം നടപ്പാക്കുന്നതിനെ സംബന്ധിച്ച വരുമാനവും ചെലവും ഈ ഘട്ടത്തിൽ ഒട്ടുംതന്നെ കൃത്യമായി കണക്കാക്കുവാൻ സാദ്ധ്യമല്ല.

കെ. പി. ഗോപാലൻ.

(A true translation)

C. H. Kunhi Raman,
For Head Translator to Government.

12-12-1957.

Kerala Gazette No. 51 dated 17th December 1957.
PART II

1957-ലെ 45-ാം നമ്പർ എൽ. എ. ബിൽ.

പരസ്യം

നമ്പർ എൽ. എ. 4-1618/57. 1957 ഡിസംബർ 7.

അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം, താഴെപറയുന്ന ബിൽ, ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി സ്പീക്കറുടെ അനുജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ്, വി. കൃഷ്ണമൂർത്തി,
തിരുവനന്തപുരം. സെക്രട്ടറി, ലെജിസ്ലേറ്റീവ് അസംബ്ലി.

1957-ലെ മദിരാശി സ്വകാര്യവനസംരക്ഷണ (ഭേദഗതി) ബിൽ.

1949-ലെ മദിരാശി സ്വകാര്യ വനസംരക്ഷണ ആക്റ്റ് ഇനിയും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക.— 1949-ലെ മദിരാശി സ്വകാര്യവന സംരക്ഷണ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യത്തിന്നായി ഇനിയും ഭേദഗതി ചെയ്യേണ്ടതു യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും.— (1) ഈ ആക്റ്റിന്നു 1957-ലെ മദിരാശി സ്വകാര്യവന സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്നു പേർ പറയാം.

(2) ഇതു് ഉടനടി നടപ്പിൽ വരുന്നതാണു്.

2. 1-ാം വകുപ്പിന്റെ ഭേദഗതി.— 1956-ലെ സംസ്ഥാന പുനഃസംഘടനാ ആക്റ്റ് (1956-ലെ 37-ാം സെൻട്രൽ ആക്റ്റ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയിൽ നടപ്പിലിരിക്കുന്ന 1949-ലെ മദിരാശി സ്വകാര്യവനസംരക്ഷണ ആക്റ്റ് (1949-ലെ 27-ാം മദിരാശി ആക്റ്റ്) 1-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ "1957 ഡിസംബർ 2-ാം തീയതി" എന്ന വാക്കുകൾക്കു പകരം "1958 ഡിസംബർ 31-ാം തീയതി" എന്ന വാക്കുകൾ ചേർക്കേണ്ടതാണു്.

3. റദ്ദാക്കൽ.— 1957-ലെ മദിരാശി സ്വകാര്യവനസംരക്ഷണ (ഭേദഗതി) ആർഡിനൻസ് (1957-ലെ 7-ാം നമ്പർ ആർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ഉദ്ദേശകാരണങ്ങളുടെ വിവരണം.

1949-ലെ മദിരാശി സ്വകാര്യവനസംരക്ഷണ ആക്റ്റിന്റെ (1949-ലെ 27-ാം മദിരാശി ആക്റ്റ്) കാലാവധി 1957 ഡിസംബർ 2-ാം തീയതി അവസാനിക്കേണ്ടതായിരുന്നു. ആക്റ്റിന്റെ പ്രാബല്യകാലം കുറച്ചുകാലത്തേക്കുകൂടി നീട്ടേണ്ടതാവശ്യമാണെന്നു കരുതിയിരുന്നു. നിയമസഭായോഗം ചേർന്നിട്ടില്ലാതിരുന്നതിനാൽ ആക്റ്റിന്റെ പ്രാബല്യകാലം 1958 ഡിസംബർ 31-ാം തീയതി വരെയും ആ തീയതി ഉൾപ്പെടെയും ഉള്ള കാലത്തേക്കു നീട്ടുവാനായി ഗവർണ്ണർ അവർകൾ 1957-ലെ 7-ാം നമ്പർ ആർഡിനൻസ് വിളംബരം ചെയ്കയുണ്ടായി.

ആർഡിനൻസിനുപകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാനാണു് ഈ ബിൽകൊണ്ടുദ്ദേശിക്കുന്നതു്.

കെ. സി. ജോർജ്ജ്.

(A true translation)

C. H. KUNHIRAMAN,
For Head Translator to Government.

G. 4167.

Kerala Gazette No. 51 dated 17th December 1957.
PART III

NOTIFICATION.

In exercise of the powers conferred under Section 102 of the Travancore-Cochin Panchayats Act (Act II of 1950) and the Rule 188 of the Panchayat Rules 1951, the Bye-laws under Section 80 of the Panchayats Act, of the following Panchayats are hereby approved and notified by the Director of Local Bodies, the same having been duly passed by the Panchayats concerned under Section 99 of the above said Act, after observing all the formalities contemplated under Rules 118, 186 and 187 of the Panchayats Rules, 1951.

Office of the Director of
Local Bodies, Trivandrum.

THOMAS MANJOORAN,
Director of Local Bodies.

Bye-laws for the collection of licence fees fixed under Section 80 of the Panchayats Act II of 1950.

1. No place within the Panchayat area shall be used for any one or more of the purposes mentioned in the table of license fees appended without a license from the Executive Authority of the Panchayat or Member or Officer authorised by him.

2. Applications for licenses shall be made in writing to the Executive Authority or Member or Officer authorised by him in the prescribed printed form which can be had at the Panchayat Office on payment of twelve naya Paise each along with the license fee prescribed for, as per the table of license fees annexed.

3. Every licensee shall observe the following directions :—

i. He shall at the close of every working day cause the place to be cleaned.

ii. He shall at the same time cover all refuse, fragments of animal or the matter which has fallen or been deposited upon any part of the place or premises to be collected and placed in a suitable receptacle to the satisfaction of the Executive Authority or Member or Officer authorised by him.

4. The licensee shall cause every part of the internal surface of the walls of any building and every floor and pavement upon the said premises to be kept at all times in good order and repair so as to prevent the absorption therein of any liquid, filth or refuse or any noxious or injurious matter which may be splashed or may fall thereon.

5. The licensee shall cause every drain or means of drainage upon or in connection with the said premises to be maintained at all times in good order or repair.

6. No person suffering from eruption of skin of any sort or affected with leprosy or open sore shall be employed on any premises used for the trade.

7. The licensee shall put a sign-board containing his name together with the No. and purpose of the license, in a conspicuous part of the place in respect of which the license is granted.

8. A breach of any of these bye-laws shall be punishable with a fine which may extend to fifteen rupees and in case of a continuing breach with fine which may extend to five rupees for every day during which the breach continues after conviction for the first breach.

G. 3818.

No. L1-4836/57. 18th November 1957.

AYALUR PANCHAYAT

Table of License fees under Section 80 of the Panchayats Act II of 1950.

Sl. No.	Purpose	Fee Rs.
1	Aerated waters—Manufacturing	6
2	Aloe fibre and yarn—Storing, packing, pressing, preparing, or manufacturing by any process whatever up to 1 candy	6
	do. above 1 and up to 15 candies	10
	do. above 15 candies	15
3	Ammunition—Storing, packing, pressing, cleansing, preparing or manufacturing by any process whatever	12
4	Arecanuts—Soaking of	6
5	Articles made of flour—Baking, preparing, keeping or storing for human consumption (for other than domestic use)	4
6	Ashes—Storing, packing, pressing, cleaning, preparing or manufacturing by any process whatever, dumping or sifting	1
7	Bamboos—Storing for sale, hire or manufacture	1
8	Biscuits—(a) Baking or preparing for other than domestic use	4
	(b) Keeping or storing for wholesale trade	3
	(c) Keeping for retail trade	0·50
9	Blood—Storing, packing, pressing, cleaning, preparing or manufacturing by any process whatever	3
10	Bones— do.	0.50
11	Bread—Baking, preparing, keeping or storing for human consumption (for other than domestic use)	0·50
12	Bricks—Storing, selling or manufacturing	3
13	Camphor—Packing, pressing, cleaning, preparing or manufacturing by any process whatever or boiling—	
	(a) storing for wholesale trade	3 to 6
	(b) for retail trade	0·50
14	Candles—Packing, pressing, cleaning, preparing or manufacturing by any process whatever	6
15	Carpets—Manufacturing	6
16	Cashew nuts—Storing, packing, pressing or manufacturing by any process whatever up to one candy	6
	do. above 1 and up to 5 candies	12
	do. above 5 candies	14
17	Cat-gut—Packing, storing, pressing, cleaning, preparing or manufacturing by any process whatever	11
18	Cement—Packing, pressing, cleaning, preparing or manufacturing by any process whatever	17
19	Charcoal—Dumping, sifting, selling or storing	1
20	Chemical preparations—Storing, packing, pressing, cleaning, preparing or manufacturing by any process whatever	6
21	Chillies—Grinding by machinery	6
22	Chillies (dried) Selling wholesale or storing for wholesale trade	3
23	Chlorate mixture—Storing, packing, cleaning, preparing or manufacturing by any process whatever	6

Table of License fees—(*contd.*)

Sl. No.	Purpose	Fee Rs.
24	**Cinders**—Storing, packing, pressing, cleansing, preparing or manufacturing by any process whatever, dumping or sifting	0·50
25	**Clothes**—Dyeing	1
26	**Coal**—Dumping, sifting, selling or storing	3
27	**Cocoanut fibre**—Storing, packing, pressing, cleansing, preparing or manufacturing by any process whatever up to three (3) candies	1
	do. above 3 and up to 10 candies	2
	do. above 10 candies and up to 25 candies	2·50
	do. above 25 and up to 50 candies	3
	do. above 50 and up to 100 candies	4
	Every additional 100 candies or fraction thereof (up to 500 candies)	1
	above 500 candies	8
28	**Cocoanut husks and cadjan leaves**—Soaking of—	
	(a) Cocoanut husks—soaking of	0·50
	(b) Cadjan leaves—soaking of	0·50
29	**Cocoanut shells**—storing of	3
30	**Coir Yarn**—Storing, packing, cleansing, preparing or manufacturing by any process whatever up to 3 candies	0·50
	above 3 and up to 10 candies	1
	above 10 and up to 25 candies	1·50
	above 25 and up to 50 candies	2
